# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3024 13-07-2015-ലെ മറുപടിക്ക്.

### കോഴിക്കോട് ജയിലിലെ ബംഗ്ളാദേശികൾ

**ചോദ്യം :** **മറുപടി :**

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ

ശ്രീ. രമേശ് ചെന്നിത്തല
(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | രേഖകളില്ലാത്തതുകൊണ്ട് അറസ്റ്റിലായ ഏഴ് ബംഗ്ലാദേശികൾ കോഴിക്കോട് ജയിലിൽ മാസങ്ങളായി കഴിയുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഉണ്ടെങ്കിൽ ഇവർക്കെതിരെ ചുമത്തിയ കുറ്റങ്ങളെന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (ബി) | ഇൻഡ്യയിൽ തങ്ങുന്നതിന് നിയമാനുസൃതം ആവശ്യമായ യാത്രാ രേഖകളായ പാസ്പോർട്ട് , വിസ മറ്റ് തിരിച്ചറിയൽ രേഖകൾ ഒന്നും തന്നെയില്ലാതെ ഇൻഡ്യയിൽ താമസിച്ചു എന്ന കുറ്റത്തിനാണ് ഫോറിനേഴ്സ് ആക്ട്, ഇൻഡ്യൻ പാസ്പോർട്ട് ആക്ട് എന്നീ നിയമങ്ങളനുസരിച്ച് പ്രസ്തുത ഏഴു ബംഗ്ലാദേശ് പൗരൻമാരെ അറസ്റ്റു ചെയ്തിട്ടുള്ളത്. പാസ്പോർട്ട് ആക്ടിലെ സെക്ഷൻ 12 (1) സി, ഫോറിനേഴ്സ് ആക്ടിലെ സെക്ഷൻ 13, 14 എന്നിവ പ്രകാരമുള്ള കുറ്റങ്ങളാണ് ഇവർക്കെതിരെ ചുമത്തിയിട്ടുള്ളത്. |

| | | | |
|---|---|---|---|
| (സി) | പട്ടിണി സഹിക്കവയ്യാതെ നാടുവിട്ടുവന്നവരാണ് ഈ ഏഴുപേരുമെന്ന് അന്വേഷണത്തിൽ വെളിവായിട്ടുണ്ടോ; എന്തെങ്കിലും ക്രിമിനൽ പ്രവർത്തനങ്ങൾ ഇവരുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ടോ; | (സി) | പട്ടിണി സഹിക്കവയ്യാതെ നാടുവിട്ടവരാണ് ഈ ഏഴുപേരുമെന്ന് അന്വേഷണത്തിൽ വെളിവായിട്ടില്ല. എന്നാൽ മറ്റേതെങ്കിലും ക്രിമിനൽ പ്രവർത്തനങ്ങൾ ഇവരുടെ ഭാഗത്തുനിന്നും ഉണ്ടായതായി കണ്ടെത്തിയിട്ടില്ല. |
| (ഡി) | ഇല്ലെങ്കിൽ ഇവർക്ക് സൗജന്യ നിയമസഹായം ലഭ്യമാക്കുകയും എംബസ്സിയുമായി ബന്ധപ്പെട്ട് ഇവരെ റിലീസ് ചെയ്യാനുമുള്ള നടപടി അടിയന്തരമായി സ്വീകരിക്കുകയും ചെയ്യുമോ? | (ഡി). | സൗജന്യ നിയമസഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ ജയിൽ അധികൃതർ സ്വീകരിച്ചു വരുന്നുണ്ട്. വിടുതൽ നടപടികൾ കോടതിയുടെ ഉത്തരവുകൾക്ക് അനുസൃതമായി എംബസിയുമായി ബന്ധപ്പെട്ട് സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ